4. കുട്ടിലങ്ങാടി ആകെ 36.50 കി.മീ. എസ്.എൽ.എസ്.എസ്.സി. 2014-ൽ ഉൾപ്പെടുത്തി 6 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്.

5. മങ്കട-ആകെ. 24.57. കി.മീ. ടെണ്ടർ ചെയ്ത. പ്രവൃത്തി ചെയ്യുവാൻ കരാറുകാരന് അനുമതി നൽകിയിട്ടുണ്ട്.

(ബി) 2015 മാർച്ചിൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

അട്ടർ നിയോജക മണ്ഡലത്തിലെ പ്രധാന പാതകളുടെ വശത്തുള്ള ജലവിതരണ പൈപ്പുകൾ

208 (916) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടർ നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള പ്രധാന പാതകളുടെ വശത്തുള്ള ജലവിതരണ പൈപ്പുകൾ നിരന്തരമായി പൊട്ടി ശുദ്ധജല വിതരണവും, ഗതാഗതവും സ്തംഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാലഹരണപ്പെട്ട പ്രസ്തുത പൈപ്പുകൾ മാറ്റി ഡക്ടയിൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(സി) പുതിയ പൈപ്പുകൾ സമയബന്ധിതമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) അട്ടർ ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെട്ട 300 എം.എം എ.സി. വിതരണകുഴലുകൾ മാറ്റുന്നതിനും (കായംകുളം-പുനലൂർ റോഡ്) കൈപ്പറ്റൂർ പമ്പ് ഹൗസ് മുതൽ ചിരണിക്കൽ പ്ലാന്റുവരെ നിലവിലുള്ള 400 എം.എം. എ.സി. പൈപ്പുകൾ മാറ്റുന്നതിനുമുള്ള നിർദ്ദേശത്തിന്മേൽ ഭരണാനുമതി നൽകുന്നത് സർക്കാർ പരിഗണിച്ചുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കേരള വാട്ടർ അതോറിറ്റിയിലെ ഡിപ്പോസിറ്റ്

209 (917) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ ഭരണസ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കഴിഞ്ഞ അഞ്ച് വർഷം കേരള വാട്ടർ അതോറിറ്റിയിൽ എത്ര തുക ഡിപ്പോസിറ്റായി നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly